# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.270** **08.05.2017-ൽ മറുപടിയ്ക്ക്**

## പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ
" ജി.എസ്.ജയലാൽ
" ഇ.ടി.ടൈസൺ മാസ്റ്റർ
" കെ.രാജൻ

ഉത്തരം

പ്രൊഫ: സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന്, സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കി ഹൈടെക് ആക്കേണ്ട ആവശ്യകതയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിലേക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

എ) അനുദിനം മാറിക്കൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതികവിദ്യ ഇതര മേഖലകളിലെന്നപോലെ വിദ്യാഭ്യാസ മേഖലയിലും ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തിക്കുന്നതിന് സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രവർത്തനങ്ങളും കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ഹൈടെക്സ്കൂൾ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഓരോ സർക്കാർ/ എയ്ഡഡ് സ്കൂളിലേയും സവിശേഷ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് സ്കൂളിനാവശ്യമായ ഐ.സി.ടി ഉപകരണങ്ങളും സൗകര്യങ്ങളും കമ്പ്യൂട്ടർ ലാബിൽ ലഭ്യമാക്കുകയും, 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സ് മുറികളിലും മൾട്ടിമീഡിയ പ്രൊജക്ടർ, ലാപ് ടോപ്പ്, വെള്ളബോർഡ് എന്നിവ സ്ഥാപിക്കുകയുംചെയ്യും. ഈ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകി കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

ബി) ഐ.സി.ടി. അധിഷ്ഠിതമായ അദ്ധ്യാപനത്തിന് പര്യാപ്തമായ ഉള്ളടക്ക നിർമ്മാണവും സാങ്കേതിക പരിശീലനവും ഹൈടെക് സ്കൂൾ പദ്ധതിയുടെഭാഗമായി നടപ്പാക്കുന്നുണ്ടോ;

ബി) ഐ.സി.ടി.അധിഷ്ഠിത പഠനബോധന പ്രവർത്തനങ്ങൾക്ക് ഏറ്റവും ആവശ്യമായ ഒന്നാണ് അനുയോജ്യമായ ഉള്ളടക്കങ്ങൾ. പ്രയാസമേറിയ പാഠഭാഗങ്ങൾ ലളിതവും കൂടുതൽ ഫലപ്രദവുമായി വിദ്യാർത്ഥികളിലെത്തിക്കുന്നതിന് ഐ.സി.ടി. അധിഷ്ഠിത പഠന വിഭവങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഓരോ ക്ലാസ്സിനും പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ശരിയായ രീതിയിൽ അത് വിദ്യാർത്ഥികളിലെത്തിക്കുന്നതിന് പ്രത്യേക സാങ്കേതിക പരിശീലനവും അദ്ധ്യാപകർക്ക് നൽകുന്നുണ്ട്.

സി) ഐ.സി.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

സി) നിലവിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസുകളാണ് ഹൈടെക് ആക്കുന്നത്. ഓരോ സ്കൂളിലെയും വിദ്യാർത്ഥികളുടെ എണ്ണത്തിനും അടച്ചുറപ്പുള്ളതും പൊടി ശല്യമില്ലാത്തതുമായ ക്ലാസ് മുറികളുടെ ലഭ്യതയ്ക്കും അനുസരിച്ചാണ് സ്കൂളുകൾക്ക് ഐ.സി.ടി. ഉപകരണങ്ങൾ നൽകുന്നത്.

സെക്ഷൻ ഓഫീസർ